**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 997** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പഴകുറ്റി - മംഗലപുരം റോഡ് വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് മൂന്ന് റീച്ചുകൾ ആക്കി നിർമ്മാണം തുടങ്ങിയ പഴകുറ്റി - മംഗലപുരം റോഡിന്റെ ഒന്നും മൂന്നും റീച്ചുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായോ; വിശദമാക്കുമോ;

**<u>മറുപടി:</u>** കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്. ബി-പി.എം-യു മുഖേന നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടന്നു വരുന്ന പഴകുറ്റി മംഗലാപുരം റോഡ് മ പ്രവൃത്തിയിലെ ഒന്നാം റീച്ച് ആയ പഴകുറ്റി മുതൽ മുക്കംപാലമൂട് വരെയുള്ള റോഡ് നവീകരണ പ്രവൃത്തിക്കായി 13-08-2025-ൽ കരാറിൽ ഏർപ്പെടുകയും 23-08-2025-ൽ സൈറ്റ് കരാറുകാരന് കൈമാറി നല്ലിയിട്ടുള്ളതുമാണ്. 10 മാസം ആണ് കരാർ കാലാവധി. ടി പ്രവൃത്തി 98% പൂർത്തീകരിച്ചിട്ടുണ്ട് .പഴകുറ്റി മംഗലാപുരം റോഡ് പ്രവൃത്തിയിലെ മൂന്നാം റീച്ച് ആയ പോത്തൻകോട് മുതൽ മംഗലപുരം വരെയുള്ള റോഡ് നവീകരണത്തിന് 26/12/2024-ൽ കരാറിൽ ഏർപ്പെടുകയും 31/12/2024-ൽ സൈറ്റ് കരാറുകാരന് കൈമാറി നല്ലിയിട്ടുള്ളതുമാണ്. ടി റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** രണ്ടാം റീച്ചായ മുക്കംപാലമൂട് മുതൽ പോത്തൻകോട് വരെയുള്ള റോഡിന്റെ സിവിൽ വർക്കിനായി 12.03.2026 -ലെ ടെൻഡറിൽ പങ്കെടുത്ത കരാറുകാരെ സംബന്ധിച്ച് വിശദീകരിക്കുമോ;

**<u>മറുപടി:</u>** രണ്ടാം റിച്ച് ആയ മുക്കംപാലമുട് മുതൽ പോത്തൻകോട് വരെയുള്ള റോഡിൻറെ സിവിൽ വർക്കിനായി 12/03/2026-ൽ സിംഗിൾ ടെണ്ടർ ആണ് ലഭിച്ചത്. ആദ്യ ടെണ്ടർ single ടെണ്ടർ ആയതിനാൽ ടെണ്ടർ ഓപ്പൺ ചെയ്തിട്ടില്ല. ആയതിനാൽ ആദ്യ ടെണ്ടറിൽ പങ്കെടുത്ത കരാറുകാരനെ സംബന്ധിച്ച മറ്റു വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല.

**(സി)** രണ്ടാം റീച്ചിന്റെ ആദ്യ ടെൻഡറിംഗിൽ മതിയായ കരാറുകാർ പങ്കെടുക്കാതിരുന്നതിനാൽ പ്രവൃത്തി റീടെൻഡർ ചെയ്തിരുന്നോ; നടപടിക്രമങ്ങൾ വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ?

**<u>മറുപടി:</u>** റീടെൻഡർ ചെയ്തിട്ടില്ല.കിഫ്ബി സാമ്പത്തിക സഹായത്താൽ നടത്തി വരുന്ന പ്രവൃത്തികളുടെ തുടർ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും /കിഫ്ബിയിൽ നിന്നും തുടർ നിർദ്ദേശം ലഭിച്ചതിനു ശേഷമേ റീ ടെണ്ടർ നടപടിക്രമങ്ങളിലേക്ക് കടക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**